സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

*20 [20] ശ്രീ. കെ. എ. ചന്ദ്രൻ:
,, ടി. യു. രാധാകൃഷ്ണൻ:
ശ്രീമതി. രാധാ രാഘവൻ:
ശ്രീ. സി. പി. മുഹമ്മദ്:
,, എ. പി. അനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ നടപടികളാരംഭിക്കണമെന്ന് എത്ര സർവ്വീസ് സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്;

(ബി) ഏറ്റവും അവസാനം ശമ്പള പരിഷ്ക്കരണം നടന്നത് എന്നാണ്;

(സി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) മിക്കവാറും എല്ലാ സംഘടനകളും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജി.ഒ.(പി.) 3000/98/ധന. തീയതി 25-11-1998 പ്രകാരം 1-3-1997 മുതൽ പ്രബല്യത്തിലാണ് ഏറ്റവും അവസാനം ശമ്പള പരിഷ്ക്കരണം നടന്നത്.

(സി) ശമ്പള പരിഷ്ക്കരണത്തിനുള്ള നയപരമായ തീരുമാനമൊന്നും ഇതേവരെ കൈക്കൊണ്ടിട്ടില്ല.

വരൾച്ചാദുരിതാശ്വാസ നടപടികൾ

*21 [21] ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:
,, സി. മോയിൻകുട്ടി:
,, ഇസഹാക്ക് കുരിക്കൾ:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കൊല്ലം ഏതെല്ലാം പ്രദേശങ്ങളിലാണ് വരൾച്ച ബാധിച്ചതെന്ന് അറിയിക്കാമോ;

(ബി) വരൾച്ചാ ദുരിതാശ്വാസത്തിനായി ഇതുവരെ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനായി എന്ത് തുകയാണ് ഗവൺമെന്റിന് ചെലവായത്; ഇതിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ വിഹിതം എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) കേന്ദ്ര ഗവൺമെന്റ് ഇതിനായി അനുവദിച്ച തുക പര്യാപ്തമായിരുന്നോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി എന്തെങ്കിലും പരിഹാരം തേടിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly